"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുവിദ്യാഭ്യാസം - തൃശ്ശൂർ ജില്ലയിലെ കൽപറമ്പ് ബി.വി.എം. ഹൈസ്കൂളിലെ ജൂനിയർ ഹിന്ദി (ഫുൾ ടൈം) ടീച്ചറായി നിയമിക്കപ്പെട്ട ശ്രീമതി ജിഞ്ചു.എം.വി യുടെ നിയമനാംഗീകാരനത്തിനായി കോർപ്പറേറ്റ് മാനേജർ സമർപ്പിച്ച അപ്പീൽ ഹർജി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (എസ്.സി) വകുപ്പ്**

സ.ഉ.(സാധാ) നം.4168/2025/GEDN തീയതി,തിരുവനന്തപുരം, 24-06-2025

---

പരാമർശം:-

1. കോർപ്പറേറ്റ് മാനേജർ സമർപ്പിച്ച 15/07/2024 ലെ അപ്പീൽ ഹർജി
2. ഇരിഞ്ഞാലക്കുട ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 12/11/2024 ലെ DEOIJK/4054/2024-B3 നമ്പർ കത്ത്
3. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 20/11/2024 ലെ ഇസി5/21267/2024/ഡി.ജി.ഇ നമ്പർ കത്ത്

**<u>ഉത്തരവ്</u>**

തൃശ്ശൂർ ജില്ലയിലെ കൽപറമ്പ് ബി.വി.എം.ഹൈസ്കൂളിലെ ജൂനിയർ ഹിന്ദി (ഫുൾ ടൈം) ടീച്ചറായി നിയമിക്കപ്പെട്ട ശ്രീമതി ജിഞ്ചു.എം.വി യുടെ നിയമനാംഗീകാരനത്തിനായി കോർപ്പറേറ്റ് മാനേജർ സമർപ്പിച്ച പരാമർശം (1) അപ്പീൽ ഹർജി തീർപ്പാക്കുന്നതുമായി ബന്ധപ്പെട്ട് ഹർജികാരനെയും, മറ്റ് ബന്ധപ്പെട്ട കക്ഷകളെയും 21/11/2024-ന് ഗൂഗിൾ മീറ്റ് മുഖേന കേൾക്കുകയുണ്ടായി.

2) നേരിൽ കേട്ട വേളയിൽ മാനേജർ, ശ്രീമതി ജിഞ്ചു.എം.വി എന്നിവർ ചുവടെ ചേർക്കും പ്രകാരം വാദിച്ചു :-

കൽപറമ്പ് ബി.വി.എം ഹൈസ്കൂളിലെ ജൂനിയർ ഹിന്ദി (ഫുൾ ടൈം) ടീച്ചർ ശ്രീമതി നവ്യ ജോസ് ഊക്കനെ 28/10/2019 മുതൽ എച്ച്.എസ്.ടി ഹിന്ദി ആയി സ്ഥാനക്കയറ്റം നല്കിയ ഒഴിവിലാണ് ശ്രീമതി ജിഞ്ചു എം.വി യെ ജൂനിയർ ഹിന്ദി (ഫുൾ ടൈം) ടീച്ചറായി 28/10/2019 മുതൽ നിയമിക്കപ്പെട്ടത്. ശ്രീമതി ജിഞ്ചു എം.വി 29/07/2019 മുതൽ ജൂനിയർ ഹിന്ദി (പാർട്ട് ടൈം) ടീച്ചറായി ഈ വിദ്യാഭ്യാസ ഏജൻസിയുടെ കീഴിലുള്ള എടത്തിരുത്തി ആർ.സി.യു.പി സ്കൂളിൽ സേവനമനുഷ്ഠിച്ചു വരുന്നു. ശ്രീമതി നവ്യ ജോസിന്റെ ഹൈസ്കൂൾ ടീച്ചറായുള്ള പ്രമോഷൻ അംഗീകരിക്കാത്തതുകൊണ്ട് വ്യവസ്ഥാപിത ഒഴിവ് ലഭ്യമായിട്ടില്ല എന്ന കാരണത്താലാണ് പൊതു വിദ്യാഭ്യാസ ഡയറക്ടർ അപ്പീൽ നിരസിച്ചിട്ടുള്ളത്. ഈ സ്ഥിതി ഇപ്പോഴും തുടരുന്നു. ശ്രീമതി നവ്യ ജോസിന്റെ എച്ച്.എസ്.ടി നിയമനം അംഗീകരിക്കാതിരുന്നത് താഴെ പറയുന്ന കാരണങ്ങളാലാണ്. ശ്രീമതി നവ്യ ജോസിന്റെ എച്ച്.എസ്.ടി പ്രമോഷൻ നിയമനം മാപ്രാണം ഹോളി ക്രോസ് ഹൈസ്കൂളിലാണ് നടത്തപ്പെട്ടത്. ഈ സ്കൂളിലെ എച്ച്.എസ്.ടി (ഹിന്ദി) ശ്രീമതി

എൻ.ജെ സോഫിയെ ഹയർ സെക്കണ്ടറി സ്കൂളിൽ ജൂനിയർ ഹിന്ദി അദ്ധ്യാപികയായി പ്രമോട്ട് ചെയ്ത ഒഴിവിലാണ് ശ്രീമതി നവ്യ ജോസിനെ നിയമിച്ചിട്ടുള്ളത്. ശ്രീമതി സോഫിയുടെ ജൂനിയർ എച്ച്.എസ്.എസ്.ടി നിയമനം അംഗീകരിക്കാത്തതും മറ്റ സീനിയേഴ്സിന്റെ നിയമനം അംഗീകരിക്കാത്തതുമായിരുന്നു ഇരിഞ്ഞാലക്കുട ജില്ലാ വിദ്യാഭ്യാസ ഓഫീസർ ശ്രീമതി നവ്യ ജോസിന്റെ നിയമനം നിരസിക്കാനുണ്ടായ കാരണം. അതിന് എതിരെ തൃശ്ശൂർ വിദ്യാഭ്യാസ ഡയറക്ടർക്ക് സമർപ്പിച്ചിരുന്ന അപ്പീലിൽ ഇതുവരെ ഉത്തരവൊന്നും ആയിട്ടില്ല. കൂടാതെ ശ്രീമതി നവ്യ ജോസിന്റെ ജൂനിയർ ഹിന്ദി (ഫുൾ ടൈം) ടീച്ചർ നിയമനവും ഇതേവരെ അംഗീകരിച്ചിട്ടില്ല. അതിനുകാരണമായത് 03/06/2013 മുതൽ 03/06/2018 വരെ ജൂനിയർ ഹിന്ദി ടീച്ചറായി നിയമിക്കപ്പെട്ട ശ്രീമതി ആൻസി ഡേവിഡിന്റെ നിയമനം അംഗീകരിക്കാത്തതായിരുന്നു. എന്നാൽ 28/10/2024 ലെ സ.ഉ.(സാധാ) നം 7705/2024/GEDN പ്രകാരം ശ്രീമതി ആൻസി ഡേവിഡിന്റെ നിയമനം അംഗീകരിക്കുവാനുള്ള ഉത്തരവായതിന്റെ വെളിച്ചത്തിൽ ടിയാളുടെ നിയമനപ്രപ്പോസൽ ഇരിഞ്ഞാലക്കുട ജില്ലാ വിദ്യാഭ്യാസ ഓഫീസിൽ സമർപ്പിച്ചിട്ടുള്ളതാണ്. ശ്രീമതി ആൻസി ഡേവിഡിന്റെ നിയമനം അംഗീകരിച്ചുകഴിഞ്ഞാൽ ശ്രീമതി നവ്യ ജോസിന്റെ നിയമനം അംഗീകരിക്കുവാനുള്ള തടസ്സം മാറുന്നതും, അതുവഴി മറ്റ നിയമനങ്ങൾ അംഗീകരിക്കുന്നതിനുമുള്ള തടസ്സവാദങ്ങളും മാറുന്നതാണ്. ആയതിനാൽ ശ്രീമതി നവ്യ ജോസ് ഊക്കന്റെ 28/10/2019 മുതലുള്ള എച്ച്.എസ്.ടി നിയമനം അംഗീകരിക്കുന്ന മുറക്ക് ശ്രീമതി ജിഞ്ചു എം.വി യുടെ നിയമനം അംഗീകരിക്കുവാനുള്ള ഉത്തരവ് പുറപ്പെടുവിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

3) ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാർ ചുവടെ ചേർക്കും പ്രകാരം റിപ്പോർട്ട് ചെയ്തു :-

തൃശ്ശൂർ ജില്ലയിലെ കൽപറമ്പ് ബി.വി.എം. ഹൈസ്കൂളിലെ ജൂനിയർ ഹിന്ദി (ഫുൾടൈം) ശ്രീമതി. നവ്യ ജോസ് ഊക്കനെ 28/10/2019 മുതൽ മാപ്രാണം എച്ച്.സി.എച്ച്.എസിലെ എച്ച്.എസ്.ടി ഹിന്ദി തസ്തികയിലെ സ്ഥാനക്കയറ്റ ഒഴിവിൽ എടത്തിരുത്തി ആർ.സി.യു.പി സ്കൂളിൽ 29/07/2019 മുതൽ ജൂനിയർ ഹിന്ദി (പാർട്ട്ടൈം) തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്ന ശ്രീമതി. ജിഞ്ചു.എം.വി.യെ ജൂനിയർ ഹിന്ദി (ഫുൾടൈം) തസ്തികയിൽ 28/10/2019 മുതൽ കോർപ്പറേറ്റ് മാനേജർ നിയമിച്ചു. പ്രൊമോട്ടിയായ ശ്രീമതി. നവ്യ ജോസ് ഊക്കന്റെ - ജൂനിയർ ഹിന്ദി (ഫുൾടൈം) തസ്തികയിലെയും എച്ച്.എസ്.ടി (ഹിന്ദി) സ്ഥാനക്കയറ്റവും അംഗീകരിക്കാത്തതുകൊണ്ട് ഒഴിവ് വ്യവസ്ഥാപിതമായിട്ടില്ല എന്ന കാരണത്താലും നിയമന പ്രൊപ്പോസലി നോടൊപ്പം ആവശ്യമായ രേഖകൾ സമർപ്പിക്കാത്തതിനാ ലുമാണ് ഈ നിയമനം ജില്ലാ വിദ്യാഭ്യാസ ഓഫീസർ നിരസിച്ചിട്ടുള്ളത്. ഇതിനെതിരെ മാനേജർ സമർപ്പിച്ച റിവിഷൻ അപ്പീൽ 22/03/2022 ലെ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിലെ ഇസി5/231603/2020 നമ്പർ നടപടി ഉത്തരവ് പ്രകാരം പ്രൊമോട്ടിയുടെ സ്ഥാനക്കയറ്റ നിയമനം അംഗീകരിക്കാത്തതിനാൽ ഒഴിവ് വ്യവസ്ഥാപിതമായിട്ടില്ല എന്ന കാരണത്താൽ നിരസിച്ചു നൽകിയിരുന്നു. ശ്രീമതി. നവ്യജോസ് ഊക്കന്റെ ജൂനിയർ ഹിന്ദി (ഫുൾടൈം) തസ്തികയിലെ നിയമനം കൽപറമ്പ് ബി.വി.എം. ഹൈസ്കൂളിലെ ശ്രീമതി. ആൻസി ഡേവിഡ്.കെയുടെ നിയമനം അംഗീകരിക്കാത്തതിനാലാണെന്ന് ജില്ലാ വിദ്യാഭ്യാസ ഓഫീസർ അറിയിച്ചിട്ടുണ്ട്. മാപ്രാണം എച്ച്.സി.എച്ച്.എസിലെ പ്രൊമോട്ടിയായ ശ്രീമതി. എൻ.ജെ. സോഫിയുടെയും സീനിയർമാരുടെയും നിയമനങ്ങൾ അംഗീകരിക്കാത്തതിനാലാണ് ടിയാളുടെ എച്ച്.എസ്.ടി (ഹിന്ദി) തസ്തികയിലെ നിയമനം അംഗീകരിക്കപ്പെടാതിരുന്നത്. ആയതിനാൽ സീനിയർ

നിയമനങ്ങൾ അംഗീകരിക്കുന്ന മുറക്ക് ശ്രീമതി. ജിഞ്ചു. എം.വി.യുടെ 28/10/2019 മുതലുള്ള ജൂനിയർ ഹിന്ദി (ഫുൾടൈം) നിയമനം പരിഗണിക്കാവുന്നതാണ്.

4) നേരിൽ കേട്ട വേളയിൽ ഉന്നയിച്ച വാദഗതികളിടെയും, ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാരുടെ റിപ്പോർട്ടിന്റെയും നിലവിലുള്ള ചട്ടങ്ങളുടെയും ഉത്തരവുകളുടെയും അടിസ്ഥാനത്തിൽ പ്രസ്തുത വിഷയം പരിശോധിച്ചു. കൽപറമ്പ് ബി.വി.എം.ഹൈസ്കൂളിലെ ജൂനിയർ ഹിന്ദി (ഫുൾടൈം) ശ്രീമതി.നവ്യ ജോസ് ഊക്കനെ 28/10/2019 മുതൽ മാപ്രാണം എച്ച്.സി.എച്ച്.എസിലെ എച്ച്.എസ്.ടി ഹിന്ദി തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകിയ ഒഴിവിലേക്കാണ് ശ്രീമതി.ജിഞ്ചു.എം.വി.യെ മാനേജർ നിയമിച്ചിരിക്കുന്നത്. പ്രൊമോട്ടിയായ ശ്രീമതി. നവ്യ ജോസ് ഊക്കന്റെ - ജൂനിയർ ഹിന്ദി (ഫുൾടൈം) തസ്തികയിലെയും, എച്ച്.എസ്.ടി (ഹിന്ദി) സ്ഥാനക്കയറ്റവും അംഗീകരിക്കാത്തതുകൊണ്ട് ഒഴിവ് വ്യവസ്ഥാപിതമായിട്ടില്ല എന്ന കാരണത്താൽ ശ്രീമതി.ജിഞ്ചു.എം.വിയുടെ നിയമനം നിരസിച്ച നൽകിയിരിക്കുന്നത്. ശ്രീമതി.നവ്യ ജോസ് ഊക്കന്റെ ജൂനിയർ ഹിന്ദി (ഫുൾടൈം) തസ്തികയിലെ നിയമനം കൽപറമ്പ് ബി.വി.എം.ഹൈസ്കൂളിലെ ശ്രീമതി. ആൻസി ഡേവിഡ്.കെ യുടെ നിയമനം അംഗീകരിക്കാത്തതിനാലും, ടിയാളുടെ എച്ച്.എസ്.ടി (ഹിന്ദി) തസ്തികയിലെ നിയമനം മാപ്രാണം എച്ച്.സി.എച്ച്.എസിലെ പ്രൊമോട്ടിയായ ശ്രീമതി. എൻ.ജെ. സോഫിയുടെയും സീനിയർമാരുടെയും നിയമനങ്ങൾ അംഗീകരിക്കാത്തതിനാലുമാണ് അംഗീകരിക്കപ്പെടാതിരിക്കുന്നത്. ടി സാഹചര്യത്തിൽ സീനിയർ നിയമനങ്ങൾ അംഗീകരിക്കുന്ന മുറക്ക് ശ്രീമതി. ജിഞ്ചു.എം.വി.യുടെ 28/10/2019 മുതലുള്ള ജൂനിയർ ഹിന്ദി (ഫുൾടൈം) നിയമനം മറ്റ് വിധത്തിൽ ക്രമപ്രകാരമാണെങ്കിൽ അംഗീകരിക്കുന്നതിന് ഇരിഞ്ഞാലക്കുട ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകിക്കൊണ്ടും അപ്രകാരം പരാമർശം (1) അപ്പീൽ ഹർജി തീർപ്പാക്കിക്കൊണ്ടും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ASWATHY K

അണ്ടർ സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, ഇരിഞ്ഞാലക്കുട.
കോർപ്പറേറ്റ് മാനേജർ, കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസി, ഇരിഞ്ഞാലക്കുട രൂപത, പാസ്റ്ററൽ സെന്റർ, ഇരിഞ്ഞാലക്കുട - 680121
ശ്രീമതി.ജിഞ്ചു.എം.വി, ജൂനിയർ ഹിന്ദി ടീച്ചർ, ബി.വി.എം. ഹൈസ്കൂൾ, കൽപറമ്പ് തൃശ്ശൂർ - 680688
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

**Signed by Pradeep Kumar. C. O**
**Date: 25-06-2025 10:17:07**

സെക്ഷൻ ഓഫീസർ